കേസുകൾ അട്ടർ സബ് കോടതിയിൽ അടിയന്തരമായി തീർപ്പാക്കാനും സാധിക്കും. ഇപ്പോൾ അട്ടർ താലൂക്കിന്റെ അതിർത്തിയിലും മറ്റുമുള്ള പ്രദേശങ്ങളിൽനിന്ന് കോടതി വ്യവഹാര ത്തിനായി പത്തനംതിട്ടയിലോ തിരുവല്ലയിലോ പോകേണ്ട അവസ്ഥയാണുള്ളത്. ഏകദേശം 55 കിലോമീറ്ററോളം ദൂരം സഞ്ചരിക്കേണ്ടിവരും. അതുകൊണ്ട് ഈ അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കുന്നതിന് അട്ടരിൽ സബ് കോടതി അനുവദിക്കുന്നതിന് സഹായകരമായ നടപടികൾ ഉടനുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

11.12 AM]

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, അട്ടർ സബ് കോടതി മുൻഗണനാ പരിഗണന പട്ടികയിൽ ക്രമനമ്പർ പതിനൊന്നാമതായാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. പുതിയ കോടതി അനുവദിക്കുന്നതിന് മുൻഗണനാക്രമം പാലിക്കണം; കൂടാതെ സ്റ്റാഫ് ഉൾപ്പെടെ ആവശ്യമായ സാമ്പത്തിക അനുമതിയും കൊടുക്കണം. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിലുള്ളതാണ്. ഹൈക്കോടതിയുടെ പരിഗണനാലിസ്റ്റിൽ അട്ടർ പതിനൊന്നാമതായിട്ടാണ് കൊടുത്തിട്ടുള്ളത്. മുൻഗണന ലഭിക്കുന്ന മുറയ്ക്ക് ഗവൺമെന്റ് അക്കാര്യം പരിശോധിക്കുന്നതാണ്. കൂടുതൽ കോടതികൾ അനുവദിക്കുന്നതിന് ഗവൺമെന്റ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്, സ്വീകരിക്കുന്നുമുണ്ട്. പക്ഷേ മുൻഗണനാക്രമം പാലിക്കേണ്ടിവരും.

8. മാതൃകാ ജില്ലാ വ്യവസായ കേന്ദ്രം

11.13 AM]

ശ്രീ. ഷാഫി പറമ്പിൽ: സർ, കേരളത്തിൽ എറണാകുളം കഴിഞ്ഞാൽ വ്യാവസായികമായി ഏറ്റവും മുന്നിൽ നിൽക്കുന്ന ജില്ലയാണ് പാലക്കാട്. സൂക്ഷ്മ - ചെറുകിട - ഇടത്തരം വ്യവസായ സ്ഥാപനങ്ങളിലൂടെ ഏകദേശം 813 കോടി രൂപയുടെ ഇൻവെസ്റ്റുമെന്റ് നടത്തി 65284 പേർക്ക് തൊഴിൽ നൽകുന്ന ഒരു ജില്ലയാണ് പാലക്കാട്. നിരവധി സ്ഥാപനങ്ങൾ അവിടെയുണ്ട്. ഈ വ്യവസായ കേന്ദ്രങ്ങളെ നിലനിർത്തുന്നതിനും സംരക്ഷിക്കുന്നതിനും പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രത്തെ ഒരു മാതൃകാ വ്യവസായ കേന്ദ്രമാക്കി ആധുനികവൽക്കരിച്ച് മോഡൽ ഇൻഡസ്ട്രിയൽ സെക്ടറായി മാറ്റണമെന്ന ആവശ്യമാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. ആധുനിക സൗകര്യങ്ങളില്ലാതെയാണ് 30 വർഷത്തെ പഴക്കമുള്ള

LIBRARY ARCHIVES Kerala Legislative Assembly

കേന്ദ്രം ഇപ്പോൾ മുന്നോട്ടുപോകുന്നത്. അത് ഐ.ടി. അധിഷ്ഠിതമാക്കാനും ഓഫീസ് ആട്ടോമേഷൻ നടത്തി ചെറുപ്പക്കാരായ സംരംഭകരെ വളർത്തിയെടുക്കാനുള്ള ട്രെയിനിംഗ് പ്രോഗ്രാമുകൾ സംഘടിപ്പിക്കാനും നടപടി സ്വീകരിക്കണം. പാലക്കാടിന്റെ പൊട്ടൻഷ്യൽ മനസ്സിലാക്കി ചെറുപ്പക്കാരായ സംരംഭകരെ കൂടുതൽ കണ്ടെത്തുക എന്ന ഗവൺമെന്റിന്റെ പോളിസി വേഗത്തിൽ നടപ്പിലാക്കുന്നതിനുവേണ്ടി പാലക്കാട് ജില്ലാ വ്യവസായ കേന്ദ്രത്തെ ഒരു മോഡൽ വ്യവസായ കേന്ദ്രമാക്കി മാറ്റണം. ഇപ്പോൾ ഐ.ഐ.ടി. ക്ലാസ്സുകൾ തുടങ്ങാൻ പോകുകയും കോച്ച് ഫാക്ടറി വരുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുകയാണ്. ആ സാധ്യതകളെല്ലാം പ്രയോജനപ്പെടുത്തണം. അതുപോലെ കേരളത്തിൽ ഒരു കാലത്ത് ഏറ്റവും വലിയ ഇൻഡസ്ട്രിയൽ റവല്യൂഷൻ നടന്ന മേഖലയാണ് കഞ്ചിക്കോട് വ്യവസായമേഖല. അവിടെ റീവാമ്പിംഗിന് സമയമായിരിക്കുകയാണ്. 6 മാസംകൊണ്ട് പതിനൊന്നോളം വ്യവസായങ്ങൾ അടച്ചുപൂട്ടി പോകുന്നതിനാൽ നിരവധി പേർക്ക് തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യമുണ്ടാകുന്നുണ്ട്. ഇക്കാര്യങ്ങളെല്ലാം ഒരു എക്സ്പെർട്ട് കമ്മിറ്റിയെ വച്ച് പഠിക്കാനും പാലക്കാടിന്റെ വ്യവസായ സാധ്യതകളെ മുഴുവൻ പ്രയോജനപ്പെടുത്തുന്ന തരത്തിലുള്ള ഒരു തീരുമാനം ഗവൺമെന്റ് എടുക്കണമെന്നുമാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

11.14 AM]

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങൾ തീർച്ചയായും പരിഗണിക്കുന്നതാണ്. പാലക്കാട് ജില്ലയിൽ പ്രത്യേകിച്ച് കഞ്ചിക്കോടിനെ സംബന്ധിച്ച്, 1991-ലെ വ്യവസായ നയം വളരെ വിശദമായി ഞാൻ അവതരിപ്പിച്ച സന്ദർഭത്തിൽ അന്ന് ഭാവി വിഭാവന ചെയ്തതാണ്. കോയമ്പത്തൂരിൽനിന്നുള്ള ഇൻഡസ്ട്രിയുടെ വലിയ മൈഗ്രേഷനുവേണ്ടിയാണ് പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് വ്യവസായ മേഖലയിൽ അന്ന് കിൻഫ്ര അക്വിസിഷൻ കൊണ്ടുവന്നത്. അത് ശരിയാണെന്ന് പിന്നീട് തെളിഞ്ഞു. അന്ന് കിൻഫ്രാ ഏറ്റെടുത്ത ഭൂമി മുഴുവനും പ്രയോജനപ്പെടുത്തുന്നുണ്ട്. എറണാകുളം കഴിഞ്ഞാൽ പാലക്കാടാണ് ഇപ്പോൾ ഏറ്റവും വലിയ വ്യവസായമേഖലയായി വളർന്നുവരുന്നത്. തീർച്ചയായും ആ ഓഫീസ് മോഡേണൈസ് ചെയ്യും. മാത്രമല്ല, വ്യവസായ മേഖലയിൽ കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി റീവാമ്പ് ചെയ്യാനുള്ള പദ്ധതിക്ക് മുന്തിയ പരിഗണന നൽകാൻ ഗവൺമെന്റ് തീരുമാനമെടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly